**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 432** | **5-02-2014 ൽ മറുപടിയ്ക്ക്** |

**ആഡംബര വിവാഹങ്ങൾ നിയന്ത്രിക്കുന്നതിനും ശൈശവ വിവാഹങ്ങൾ കണ്ടെത്തുന്നതിനും നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**,, പി. തിലോത്തമൻ**<br>**ശ്രീമതി. ഇ. എസ് . ബിജിമോൾ**<br>**ശ്രീ. കെ. രാജു** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ആഡംബര വിവാഹങ്ങളും വിവാഹധൂർത്തും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ ; | (എ) സാമൂഹ്യനീതി വകുപ്പിൽ കീഴിൽ മൂന്ന് മേഖലാ സ്ത്രീധന നിരോധന ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീധനത്തെക്കുറിച്ചും വിവാഹ ധൂർത്തിനെക്കുറിച്ചും വിവാഹച്ചെലവ് കുറയ്ക്കുന്നതി നെക്കുറിച്ചും ഈ സ്ഥാപനങ്ങൾ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സമൂഹവുമായി ദൈനംദിനം ഏറ്റവും കൂടുതൽ ഇടപെടലുകൾ നടത്തുന്ന അംഗൻവാടി പ്രവർത്തകരുടെ പ്രതിമാസ പ്രോജക്ട്തല യോഗത്തിൽ വിവാഹധൂർത്തിനെക്കുറിച്ചും സ്ത്രീധന വിപത്തിനെ ക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനും പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി കേരള വനിതാ കമ്മീഷൻ മുഖാന്തിരവും പ്രചാരണ പരിപാടികൾ നടത്തി വരുന്നുണ്ട്. |
| (ബി) ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സ്റ്റഡീസും കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയവും ചേർന്ന് നടത്തിയ സർവ്വേയിൽ ശൈശവ വിവാഹങ്ങൾ കൂടുന്നതായി കണ്ടെത്തി യിട്ടുണ്ടോ; എങ്കിൽ ഈ സർവ്വേയിൽ സംസ്ഥാ നത്തെ സംബന്ധിച്ചുള്ള മറ്റ് വിവരങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സ്റ്റഡീസും കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാ ലയവും ചേർന്ന് നടത്തിയ 2007-08 ലെ ഡിസ്ട്രിക്ട് ലെവൽ ഹൗസ് ഹോൾഡ് ആന്റ് ഫെസിലിറ്റി സർവ്വേ പ്രകാരം കേരളത്തിൽ 21 വയസ്സിൽ താഴെ വിവാഹിതരായ 1.2 % ആൺകുട്ടികളും, 18 വയസ്സിൽ താഴെ വിവാഹിതരായ 6.8% പെൺകുട്ടികളു മുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) ശൈശവ വിവാഹം കൂടുതൽ നടക്കുന്നത് ഏത് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാ ണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ ? | (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**